# Mathrubhumi

## 22 August 2018

## Palakkad, Flood Victims, Relief Camps, Counseling

# ദുരിതാശ്വാസ ക്യാമ്പുകളിൽ കൗൺസലിങ്

**പാലക്കാട്** ▸ ദുരിതാശ്വാസക്യാമ്പിൽ കഴിയുന്നവർക്ക് ആത്മധൈര്യം നൽകാൻ ട്രോമ കെയർ കൗൺസലിങ്ങുമായി സാമൂഹികനീതിവകുപ്പ്. വനിതാശിശുവികസന വകുപ്പിൻെറ സ്കൂൾ കൗൺസലർമാരും ഓർഫനേജ് കൗൺസലർമാരുമാണ് ഇതിനുണ്ടാവുക.



സംസ്ഥാനത്ത് വനിതാശിശു വികസനവകുപ്പിൻെറ സ്കൂൾ കൗൺസലർമാർ 700 പേരും ഓർഫനേജ് കൗൺസലർമാർ 40 പേരുമുണ്ട്.

### മനസ്സിലാക്കും

ക്യാമ്പുകളിൽ കഴിയുന്നവരെ കൗൺസലർമാർ നിരീക്ഷിക്കും. വൃദ്ധർ, രോഗികൾ, കുട്ടികൾ, അമ്മമാർ, ഗൃഹനാഥൻമാർ എന്നിങ്ങനെ വിഭാഗങ്ങളാക്കിയാണ് കൗൺസലിങ്.

### കൗൺസലിങ് നിർബന്ധമാക്കി

ദുരിതാശ്വാസ ക്യാമ്പുകളിൽ ട്രോമകെയർ കൗൺസലിങ് നിർബന്ധമാക്കിയിട്ടുണ്ട്. വീടു നഷ്ടപ്പെട്ടതു കണ്ട് ഹൃദയസ്തംഭനം മൂലം മരിച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ക്യാമ്പംഗങ്ങൾക്ക് കൗൺസലിങ് അത്യാവശ്യമാണ്. ദുരിതാശ്വാസക്യാമ്പുകൾ ഇല്ലാത്ത ജില്ലകളിലെ സാമൂഹികനീതി വകുപ്പ് ഓഫീസർമാരുടെ സേവനങ്ങൾ മറ്റു ക്യാമ്പുകളിലും ഉപയോഗപ്പെടുത്തുന്നു.

**– ബിജു പ്രഭാകർ, ഡയറക്ടർ, സാമൂഹിക നീതി വകുപ്പ്**